"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോഴിക്കോട് കോർപ്പറേഷനിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 - ശ്രീ.പ്രകാശൻ.റ്റി.കെ,-യ്ക്ക് കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ കുടുംബശ്രീ യൂണിറ്റിലെ പ്രോജക്ട് ഓഫീസർ തസ്തികയിലെ ഡെപ്യൂട്ടേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.213/2022/LSGD തീയതി,തിരുവനന്തപുരം, 02-02-2022

പരാമർശം:-

1. 22.11.2019തീയതിയിലെ സ.ഉ(സാധാ) നം.2631/2019/തസ്വഭവ. നമ്പർ ഉത്തരവ്.
2. 13.02.2021തീയതിയിലെ സ.ഉ(സാധാ) നം.415/2021/തസ്വഭവ. നമ്പർ ഉത്തരവ്.
3. നഗരകാര്യ ഡയറക്ടറുടെ 08.11.2021 തിയതിയിലെ ഇ5-20168/19 നമ്പർ കത്ത്.

**ഉത്തരവ്**

നഗരകാര്യ വകുപ്പിൽ കോഴിക്കോട് കോർപ്പറേഷനിലെ ഗ്രേഡ് 1 ഹെൽത്ത് ഇൻസ്പെക്ടർ ആയ ശ്രീ.പ്രകാശൻ.റ്റി.കെ-യെ പരാമർശം 1 ഉത്തരവ് പ്രകാരം കോഴിക്കോട് കോർപ്പറേഷനിൽ കുടുംബശ്രീ യൂണിറ്റിലെ പ്രോജക്ട് ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചു. പരാമർശം 2 ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചു നൽകിയ അന്യത്ര സേവനകാലാവധി 21.11.2021 ൽ അവസാനിക്കുന്നതിനാൽ പ്രസ്തുത തസ്തികയിലെ ടിയാന്റെ സേവനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള ടിയാന്റെ അപേക്ഷ പരിഗണിക്കുന്നതിന് ഇക്കാര്യത്തിലുള്ള കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് സഹിതം പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ പ്രപ്പോസൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷനിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ആയ ശ്രീ.പ്രകാശൻ.റ്റി.കെ, യ്ക്ക് കോഴിക്കോട് കോർപ്പറേഷനിൽ കുടുംബശ്രീ യൂണിറ്റിലെ പ്രോജക്ട് ഓഫീസർ തസ്തികയിൽ അനുവദിച്ച അന്യത്രസേവന കാലാവധി നിലവിലുള്ള അന്യത്രസേവന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 22.11.2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ.പ്രകാശൻ.റ്റി.കെ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, കോഴിക്കോട് കോർപ്പറേഷൻ ( നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ( നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

**കരുതൽ ഫയൽ/ഓഫീസ് കോപ്പി.**

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ